പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 1959 — 14.07.2011-ൽ മറുപടിക്ക്

## മാനദണ്ഡങ്ങൾ ലംഘിക്കുന്ന സ്കൂൾ വാഹനങ്ങൾക്കെതിരെ നടപടി

**ചോദ്യം**

ശ്രീ. എ.എം.ആരിഫ്

എ) അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് സ്കൂൾ ബസ്സുകളും മറ്റുമായി ഓടുന്ന വാഹനങ്ങൾ മാനദണ്ഡങ്ങൾ പാലിച്ച് നിർമ്മിച്ചതാണെന്ന് ഉറപ്പ് വരുത്താൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

ബി) ഇത്തരത്തിൽ സർവ്വീസ് നടത്തുന്ന വാഹനങ്ങൾ ഏതെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാതെ നിർമ്മിച്ച് സർവ്വീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

എ) രാജ്യമൊട്ടാകെ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നത് 1988 ലെ മോട്ടോർ വാഹന നിയമത്തിന്റെയും, 1989 ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടങ്ങളുടെയും അടിസ്ഥാനത്തിലാണ്. ആയതുകൊണ്ട് തന്നെ വാഹന നിർമ്മാണം സംബന്ധിച്ച് മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതായി വരുന്നില്ല. മാത്രമല്ല അന്യസംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വാഹനം സ്ഥിരമായി കേരള സംസ്ഥാനത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പേരിൽ മാറുമ്പോൾ സംസ്ഥാനത്ത് റീരജിസ്ട്രേഷൻ ചെയ്യേണ്ടതായിട്ടുണ്ട്. ഈ സമയത്ത് വാഹനം പരിശോധനക്ക് വിധേയമാക്കുകയും ഇത് സംബന്ധിച്ച് കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും കേരള മോട്ടോർ വാഹന ചട്ടങ്ങളും പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തുകയും ചെയ്യാറുണ്ട്.

ബി) ശ്രദ്ധയിൽ പെട്ടിട്ടില്ല. നിയമം പാലിക്കാതെ ഏതെങ്കിലും വാഹനം സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽ പെടുന്ന പക്ഷം നിയമപ്രകാരമുള്ള നടപടി എടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ